4 FEB 1961

# തുഞ്ചത്തെഴുത്തച്ഛൻ

പുസ്തകം 11 | 1961 ജനുവരി | ലക്കം 9

## പ്രാർത്ഥന

ഒന്നായനിന്നെയിഹ രണ്ടെന്നുകണ്ടളവി-
ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ
പണ്ടേ കണക്കുവരുവാൻ നിൻകൃപാവലിക-
ളുണ്ടാകയെങ്കലിഹ നാരായണായനമഃ

— * —

## ആചാര്യസൂക്തികൾ

### ദേഹം അനിത്യം

പഞ്ചഭൂതാത്മകമായ ശരീരവും
പഞ്ചതാമാശു ഭവിക്കുമെല്ലാവനും
പഞ്ചപഞ്ചാത്മക തത്വങ്ങളെക്കൊണ്ടു
സഞ്ചിതം പുണ്യപാപങ്ങളാൽ ബദ്ധമായ്
ത്വങ്മാംസമേദോസ്ഥി മൂത്രമലങ്ങളാൽ
സമ്മേളിതമതി ദുർഗ്ഗന്ധമെത്രയും
ഞാനെന്നഭാവമതിങ്കലുണ്ടാസ്സുരം
ജ്ഞാനമില്ലാത ജനങ്ങൾക്കതോർക്കനീ
ഹന്ത! ജഡാത്മകമായ കായത്തിങ്ക-
ലെന്തൊരാസ്ഥ ഭവിക്കുന്നതും ധീമതാം
യാതൊന്നുമൂലമായ് ബ്രഹ്മഹത്യാദിയാം
പാതകൌഘങ്ങൾ കൃതങ്ങളാകുന്നതും
ഭോഗഭോക്താവായ ദേഹം ക്ഷണംകൊണ്ടു
രോഗാദിമൂലമായ് സമ്പതിക്കും ദൃഢം
പുണ്യപാപങ്ങളോടും ചേന്നുജീവനും
വന്നുകൂടുന്നു സുഖദുഃഖബന്ധനം
ദേഹത്തെഞാനെന്നു കല്പിച്ചുകർമ്മങ്ങൾ
മോഹത്തിനാലവശതേന ചെയ്യുന്നു.
ജന്മമരണങ്ങളാമതു മൂലമായ്
സമ്മോഹിതന്മാർക്കു വന്നുഭവിക്കുന്നു.
ശോകജരാമരണാദികൾ നീക്കുവാ-
നാകയാൽ ദേഹാഭിമാനം കളകനീ
ആത്മാവു നിർമ്മലനവ്യയനദ്വയ-
നാത്മനാമാത്മനാം കണ്ടുതെളികനീ.

# ഈശ്വരവിലാസം

(തുടർച്ച)

ക. ജനാർദ്ദനൻ തമ്പാൻ

ഈശ്വരദശ്നം, അഥവാ ആത്മ പരമാത്മൈക്യം, സാധിച്ച്, ജന്മമൃത്യുജരാവ്യാധിദുഃഖഭൂയിഷ്ഠമായ ഈ സംസാരത്തിൽനിന്നു് മോചനം നേടുക—അഥവാ ബ്രഹ്മനിവ്വാണമെന്ന മോക്ഷം പ്രാപിക്കുക; അതത്രെ പരമ്പരാഗതമായ ഹൈന്ദവാഭിലാഷം. ഗാന്ധിജിയും അപ്രകാരം മോക്ഷാഭിലാഷിയായിരുന്നു. എന്നാൽ തന്റെ ഈശ്വരാശയത്തിലെപ്പോലെ ഈ മോക്ഷാശയത്തിലും അദ്ദേഹം അന്ധഗതാനുഗതികളിൽനിന്നു് വ്യത്യസ്തമായി തനതായൊരു സമീപനമാണു് കൈക്കൊണ്ടതു്. അതിന്നു കാരണം മറെറാന്നുമല്ല, ഗാന്ധിജി തന്റെ ഭഗവൽഗീതയെ അത്രയ്ക്കും കാര്യമായി കരുതിയതായിരുന്നു.

"പുണ്യം" സമ്പാദിക്കാൻ ദിവസേന ഒരു ചടങ്ങായി കരച്ചു "പാരായണം" ചെയ്തു് മടക്കിവെക്കാനുള്ള ഒരു ഗ്രന്ഥമായിരുന്നില്ല ഭഗവൽഗീത. അതു് ഭക്തിശ്രദ്ധയോടും തപസ്യയോടുംകൂടി അധ്യയനംചെയ്തു് തന്റെ ദൈനംദിന ജീവിതത്തിലെ എല്ലാ ഏർപ്പാടുകളിലും പ്രയോഗിച്ച് സ്വാഭാവികമാക്കിത്തീക്കേണ്ടിയ "ധർമ്മ്യാമൃത"മായിരുന്നു അദ്ദേഹത്തിന്നു്. ഭഗവൽഗീതാശ്ലോകങ്ങൾ ഭംഗിയായിച്ചൊല്ലി എല്ലാവരേയും കേൾപ്പിക്കാനോ തരംപോലെ ഉദ്ധരിച്ച് പ്രഭാഷണങ്ങൾ നടത്താനോ മാത്രമുള്ളതല്ല, തദ്ബോധനത്തെ സാവധാനം സ്വാനുഷ്ഠാനത്തിൽ കൊണ്ടുവന്നു് അന്യൂനമായ ഈശ്വര സാധർമ്മ്യത്തിൽ ജന്മസാഫല്യം നേടുവാനുള്ളതാണു്. സാധാരണ ലൌകികർ കരുതുംപോലെ, തങ്ങളുടെ ഗൌരവതരങ്ങളായ കൃത്യാന്തരങ്ങൾക്ക മുടക്കം വരാത്ത ഒഴിവുസമയങ്ങളിൽ ആചരിക്കാവുന്ന "പുരാണപാരായണ നാമജപാദി" പുണ്യകർമ്മങ്ങളാലും ഉദ്യോഗത്തിൽനിന്നു് പെൻഷൻപററിപ്പിരിഞ്ഞുള്ള "ശേഷായുഷം" നടത്താവുന്ന "ക്ഷേത്രദശനം ഭജനകീത്തനാമേളനം" തുടങ്ങിയ "കാലക്ഷേപ"ങ്ങളാലും ക്ഷിപ്രം പ്രസാദിക്കുന്ന ഒരു ദൈവമല്ലായിരുന്നു ഗാന്ധിജിയുടെ ഈശ്വരൻ. മൃഷ്ടാന്നപാനാദിയാൽ സംതുഷ്ടിയും ആരോഗ്യപുഷ്ട്യാദിയാൽ സംതൃപ്തിയും സംഗതമാകുന്ന അവസ്ഥകളിൽ മനസ്സിലുറന്നുപൊന്തുന്ന ഒരു ഉന്മേഷമോ സ്വാസ്ഥ്യസ്വാരസ്യമാന്നൊരു സുഖതരാശയമോ അല്ലായിരുന്നു ഗാന്ധിജിയുടെ ഈശ്വരവിശ്വാസം. മോക്ഷമെന്നതു് ഗാന്ധിജിക്കു് "സ്വഗ്ഗകാമ"ന്മാരായ വൈദിക കർമ്മഠന്മാർ പ്രതീക്ഷിക്കുംപോലെ ഇഹത്തിൽ സാധ്യമല്ലാത്ത ഒരു പരലോകകാര്യമായിരുന്നില്ല; അഥവാ നിതാന്തഹതാശതയാൽ സംസാരനിർവ്വിണ്ണന്മാരാകുന്ന "മോക്ഷേച്ഛു"ക്കൾ പ്രത്യാശിക്കുംപോലെ വല്ലവനാ

ന്തരത്തിലോ ഗിരിഗഹ്വരത്തിലോ അഭയംപുകി തനിച്ചിരുന്നു് ധ്യാനിച്ചു് ആസ്വദിക്കാവുന്ന ഒരു നിർവൃതിയുമായിരുന്നില്ല. അനിത്യങ്ങളും അസത്തുക്കളും തന്നെ ഈ പ്രാപഞ്ചികങ്ങൾ. എങ്കിലും "അനിത്യമസുഖം ലോകമിമംപ്രാപ്യ"—ഈ ദയനീയതകൾക്കിടയിൽതന്നെ –"ഭജസ്വമാം"—ഈശ്വരനെത്തേടുകയും ഭജിക്കുകയും ചെയ്യണം എന്നാണു് സൃഷ്ടികർത്താവായ ഭഗവാന്റെ അന്തർഗതം. ഗീതാശ്ലോകങ്ങൾ ഇടയ്ക്കിടെ, "ആത്മൌപമ്യേന സർവ്വത്ര സമം പശ്യതിയോർജ്ജുന സുഖം വാ യദിവാ ദുഃഖം സയോഗി പരമോമതഃ" എന്നും, "ലഭന്തേ ബ്രഹ്മനിർവ്വാണ മൃഷയഃ ക്ഷീണകല്മഷാഃ ഛിന്നദ്വൈധാ യതാത്മാനഃ സർവ്വഭൂത ഹിതേരതാഃ" എന്നും "യോമാം പശ്യതി സർവ്വത്ര സർവ്വം ച മയിപശ്യതി തസ്യാഹം ന പ്രണശ്യാമി സചമേ ന പ്രണശ്യതി" എന്നും മററുമുള്ള മന്ത്രശബ്ദഗാംഭീര്യമാർന്ന ഉൽഗായനങ്ങളായി ലയമേലുന്നതു് ഭക്തിശ്രദ്ധായുത ഹൃദയങ്ങൾക്കു് സുശ്രാവ്യമാണു്. വിശ്വഭാവനന്റെ ഹൃദയമാണു് ആ ശ്ലോകങ്ങൾ തുറന്നു കാട്ടുന്നതു്. പുതിയൊരു ധീപ്രവർത്തനത്തെ അതുകൾ ഉണർത്തിവിടുന്നു. എന്നാൽ "കാലേന മഹതാ നഷ്ട"പ്രായമായി ആ ഗീതായോഗദർശനം അതു് നിമിത്തം സംസാരഭീതരായ മോക്ഷേച്ഛുക്കൾ മററുപല മാർഗ്ഗങ്ങളേയും തേടിത്തുടങ്ങി. ഗീതാസന്താനമായ ഗാന്ധിജിയാകട്ടെ "നാന്യഃ പന്ഥാ വിദ്യതേƒയനായ" എന്നു് സർവ്വാശ്രയസ്ഥമായ ഗീതയുടെ പ്രായോഗിക വേദാന്തത്തെത്തന്നെ പുനരുച്ചരിക്കുകയും പുനരാചരിക്കുകയും പുനസ്ഥാപിക്കുകയും ചെയ്യുകയാണുണ്ടായതു്. ഏതദ്വിഷയകമായുള്ള ഗാന്ധിജിയുടെ ഒരു ധീരസൂക്തം ഗീതാഭക്തന്മാർ ശ്രദ്ധിക്കട്ടെ:—"മൂകങ്ങളായ ജീവലക്ഷങ്ങളുടെ ഹൃദയത്തിൽ കാണാവുന്ന ദൈവത്തെയൊഴികെ മറെറാരു ഈശ്വരനെ ഞാൻ അറിയുന്നില്ല. സത്യമെന്ന ഈശ്വരനെ ഞാൻ ഈ അനേകമൂകാപരിചരണം വഴിയാണു് സേവിക്കുന്നതു്."

അതിൻവണ്ണം സർവ്വജീവികളിലും സമാനജീവനായിരിക്കുന്ന ശിവനെ, സുഖദുഃഖാദികളിൽ തന്നെപ്പോലെ കരുതി, തനിക്കു് കഴിവുള്ള "സ്വഭാവനിയതം" കർമ്മങ്ങൾകൊണ്ടു് ഭംഗിയായി നിഷ്കാമമായി സേവിക്കുന്ന ഈശ്വരവിശ്വാസി ക്രമത്തിൽ ഏതു് ദുസ്സഹദുഃഖത്തിലും അവിചാല്യനാകുവാനും, ഏതൊരു മായികമോഹത്തിലും അവ്യഭിചാര്യമായ ആത്മബുദ്ധി പ്രസാദത്തോടെ വാഴുവാനും, യോഗ്യനായി ഭവിക്കും. "ഇഹൈവതൈർജ്ജിതഃസർഗ്ഗഃ"—ആ വിധമായ ഈശ്വരസേവന കർമ്മങ്ങളനുഷ്ഠിക്കുന്ന ആൾക്കു് സംസാരബന്ധനങ്ങളിൽ നിന്നും മോചനം ഇവിടെവെച്ചുതന്നെ സിദ്ധിക്കും.

"ഇദം ജ്ഞാനമുപാശ്രിത്യ മമ സാധർമ്മ്യമാഗതാഃ
സർഗ്ഗേപിനോപജായന്തേ പ്രളയേന വ്യഥന്തി ച"

ആവിധം ഭഗവൽ സേവനയോഗയുക്തനായ ഭക്തൻ വാസുദേവഃ സർവ്വം എന്ന ജ്ഞാനബുദ്ധിയായി, മേലാൽ സൃഷ്ടികാലങ്ങളിലെ മുഹൂർമു

ദ്ധജനനങ്ങളിൽനിന്നും പ്രളയവേളകളിലെ സസാധ്വസസ്മൃതികളിൽനിന്നും വിമുക്തനായി, ഈശ്വരസാധർമ്മ്യസിദ്ധനായി, ഭവിഷ്യം. ആ വിമുക്താവസ്ഥയാകട്ടെ, "ഇഹൈവ"— ഈ ജനനമരണ സംസാരത്തിന്നിടയ്ക്കുതന്നെ, "പ്രാക് ശരീരവിമോക്ഷണാൽ"— ഈ ശരീരം ഈശ്വരസേവന സാധനമായി നിരന്തരം വിനിയോഗിച്ച് അതുതന്നെ ക്ഷയിച്ച് നശിക്കുമാറാകുന്നതിന്നു മുമ്പുതന്നെ, സ്വാനുഭവപ്പെടുത്താവുന്നതാണ്— അനുഭവപ്പെടുത്തുകയും വേണം. ഭഗവൽ ഗീതാദർശിതമായ താദൃശമോക്ഷാവസ്ഥയെയാണ് ഗാന്ധിജി അഭിലഷിച്ചതു്. അതിന്നദ്ദേഹം നിർദ്ദേശിച്ച— അഥവാ താൻ തന്നെ അനുഷ്ഠിച്ചുകൊണ്ടിരുന്ന സാധനയാണ് പ്രസ്തുത ഗാന്ധിസൂക്തത്തിലെ ജീവസേവനയോഗം.

ഗാന്ധിജിയുടെ ജീവസേവനയോഗത്തിലെ അതിപ്രധാനമായ ഒരു മുറയാണ് പ്രാർത്ഥനാശീലം. പ്രാർത്ഥനാശീലത്തിലെ ഏററവും എളുതും എപ്പൊഴുമാകാവുന്നതുമായ ഒരു സാധനയാണ് നാമജപം. എന്നാൽ നാമജപവിദ്യ ഗാന്ധിജിയുടെ ഒരു പുതിയ കണ്ടുപിടുത്തമല്ല. അതും പരമ്പരീണമായ ഒരു ഹൈന്ദവസദ്വിദ്യയാണ്. നാമജപമെന്ന യോഗമാർഗ്ഗത്തിന്റെ സൗലഭ്യവും സാഫല്യവും നമ്മുടെ തുഞ്ചത്താചാര്യപാദങ്ങൾ നമുക്കു ഉപദേശിച്ചു തന്നിട്ടുണ്ടു്. പാശ്ചാത്യ വിദ്യാഭ്യാസപ്പുതുമകൾക്ക് ഇവിടെ സർവ്വാധിപത്യം നാം അനുവദിക്കുംമുമ്പ് ഏതു കേരളീയ ഗൃഹത്തിലും പതിവായി പാടിക്കൊണ്ടിരുന്ന ആ "ഹരിനാമകീർത്തന"വരികൾ ഇന്നും ചിലക്കു ഓക്കാൻ വിരോധമുണ്ടാവില്ല:— "ഈവന്ന മോഹമകലെപ്പോവതിന്നു പുനരീവണ്ണമുള്ളോരുപദേശങ്ങളില്ലലകിൽ— ജീവന്നു കൃഷ്ണഹരിഗോവിന്ദ രാമ തിരുനാമങ്ങളൊന്നൊഴികെ നാരായണായനമഃ" "ഊരിന്നുവേണ്ട ചില ഭാരങ്ങൾ വേണ്ടതിന്നു നീരെന്നുവേണ്ട നിജഭാരങ്ങൾ വേണ്ടതിന്നു— നാരായണാച്യുത ഹരേകൃഷ്ണ എന്നതിന്നു നാവൊന്നേവേണ്ടു ഹരിനാരായണായനമഃ"; "പലതുംപറഞ്ഞു് പകൽകളയുന്നനാവ് തവ തിരുനാമകീർത്തനമിതതിനായ് വരേണമിഹ— കലിയായ കാലമിതിലതുകൊണ്ടു് മോക്ഷഗതി എളുതെന്നു കേൾപ്പു ഹരിനാരായണായനമഃ". * * * *

ശ്രീബുദ്ധഭഗവാന്റെ നാമധേയം കേൾക്കുമ്പോൾ, ബോധിവൃക്ഷമൂലത്തിൽ പത്മാസനത്തിൽ ധ്യാനസ്തിമിതലോചനനായി ഉദയസൂര്യസദൃശം വിളങ്ങുന്ന ആ പ്രശാന്താകാരത്തെയാണ് നാമോർക്കുക. ക്രിസ്തുദേവനെ അനുസ്മരിക്കുമ്പോൾ, ക്രൂശിന്മേൽ ക്രൂരതരം തറയ്ക്കപ്പെട്ടിട്ടും അപരാധികളിലും കാരുണ്യാമൃത കിരണങ്ങൾ ചിന്നുന്ന ചന്ദ്രബിംബവദനനായ ആ പതിതപാവന സ്വരൂപനെയാണ് നാം മുന്നിൽ കാണുന്നതു്. മഹാത്മാഗാന്ധിയെ സംസ്മരിക്കുമ്പോഴോ? കുറച്ചുകാലംമുമ്പ് അഭിനവ കുരുക്ഷേത്രത്തിൽവെച്ച് ഏതാനും സുശോഭന സായംകാലങ്ങളിൽ പതിവായി ഈ മഹാഭാരതത്തിന്റെ ശാന്തിപർവ്വം പുനഃപ്രസാധനം ചെയ്യപ്പെട്ടിരുന്ന ആ ദിവ്യമോഹന മുഹൂർത്തങ്ങൾ, ഹാ! നമ്മുടെ ദൃഷ്ടിപഥത്തിൽ വീണ്ടും ആവിർഭവിക്കുന്നു. ഹൃദയത്തെ ശുദ്ധീകരിക്കുന്ന ഒരു ശോകരസവും അതോടെ നമുക്കനുഭവപ്പെടുന്നു............

ആർത്തിരമ്പുന്ന മനുഷ്യരാശിയുടെ ഒരു മഹാവാരാശി. അതിന്നടുത്തേയ്ക്കതാ, അർദ്ധനഗ്നനായ ഒരു സാധു സാദരം കൂപ്പുകൈകളുമായി, കാൽനടയായി വരുന്നു. അങ്ങിനെ വന്നുനിന്ന ആ കൃശശരീരന്റെ ദന്തവിഹീനമായ മന്ദഹാസത്താൽ സ്നിഗ്ദ്ധമായ അവലോകനം നീളവെ എല്ലാവേ ആ കല്ലോലകോലാഹലം തനിയേ നിലച്ചുനിലച്ച് ആ മഹാസമുദ്രമാകെ നിശ്ശബ്ദമായിപ്പോകുന്നു. അപ്പോൾ ആ അർണ്ണവത്തിന്നരികെ അതിന്റെ ആദരവിൽ വെൺമണൽത്തീരത്തു ചമ്രംപടിഞ്ഞിരിപ്പായി ആ അനാച്ഛാദിത കൃശശരീരൻ. ക്രമത്തിലതാ ആ മാനവമഹാസാഗരത്തിന്റെ ഗഹനതയിൽനിന്നു് ഗംഭീരമായൊരു മർമ്മരം പുറപ്പെടുന്നു. ആ ആരവം സമരസരഞ്ജിതപദങ്ങളായി രൂപംപൂണ്ടു് പൊങ്ങുകയാണു്.

“രഘുപതി രാഘവ രാജാ രാമ്, പതിത പാവന സീതാ രാമ്,
ഈശ്വര അല്ലാ തേരേ നാമ്, സബ് കോ സന്മതി ദേ ഭഗവൻ”

ഭാവതരളിതമായ ആ വാരിധിയിലെ നിരവധി ഹൃദയതരംഗങ്ങളിലും ഉള്ളാലെ അലിഞ്ഞു് നിലീനനായിപ്പോകുന്ന അർദ്ധനഗ്നതനുവായിരിക്കുന്ന ആ ധ്യാനനിമഗ്നൻ................

അഭംഗഗതിയായൊരു രാമനാമതരംഗിണിയായിരുന്നു ഗാന്ധിജിയുടെ അന്തരംഗജീവിതം. അദ്ദേഹത്തിന്റെ ബഹിർമുഖജീവിതം അനുദിനം സമയനിശ്ചയത്തോടെ മുടക്കംകൂടാതെ നടത്തപ്പെട്ടിരുന്ന പ്രാർത്ഥനാപരിപാടികളാൽ ആദ്യവസാനം നിയന്ത്രിതമായിരുന്ന ശരീരേന്ദ്രിയങ്ങളുടെ സകുശലമായൊരു കർമ്മകാണ്ഡമായിരുന്നു. നിശ്ശബ്ദപ്രാർത്ഥനാസ്വഭാവത്താൽ സദാ പ്രസന്നമായിരുന്നു അദ്ദേഹത്തിന്റെ ബുദ്ധി. അത്ഭുതപ്രഭാവമായ ഈശ്വരപ്രാർത്ഥനയുടെ മൂർത്തിമത്സ്വരൂപമായിരുന്നു മഹാത്മാഗാന്ധി. അതിനാൽ പ്രാർത്ഥനയെപ്പററി അദ്ദേഹത്തിൽനിന്നു് നിർഗ്ഗളിച്ച പ്രസ്താവനകൾ ആപ്തവചനങ്ങളായിരിക്കുന്നു.

“അനുഭവത്തിൽനിന്നെനിയ്ക്കു പറയാൻ കഴിയും”, ഗാന്ധിജി പ്രഖ്യാപിക്കുകയാണു്, “പ്രാർത്ഥന പതിവില്ലാത്ത ആൾക്കു് വലിയൊരു നഷ്ടമാണു പററുന്നതു്. പ്രത്യാശകളെല്ലാം തകന്ന സന്ദർഭങ്ങൾ എനിക്കു് പലപ്പോഴും നേരിടേണ്ടി വന്നിട്ടുണ്ടു്. എന്നിട്ടും എന്റെ മനസ്സമാധാനം തകന്നിട്ടില്ല. ഈ മനസ്സമാധാനം, മനശ്ശാന്തി, എന്റെ പ്രാർത്ഥനാശീലത്തിന്റെ സൽഫലമാണു്. ഈ വിശാലലോകത്തിലെങ്ങും ഇനി ഒരൊററ സാഹായ്യമോ സമാശ്രയമോ കിട്ടാനില്ല എന്ന ദിക്കാകുമ്പോൾ ഈശ്വരനാമം മാത്രമാണു് ആത്മപ്രബോധനത്താൽ എന്നെ സഹനശക്തനാക്കുന്നതു്. ആന്തരമായ നാമോച്ചാരണം ഹതാശാവൈവശ്യത്തെ പറപറപ്പിക്കുന്ന ബാഹ്യസാഹായ്യങ്ങൾ മോശപ്പെടുമ്പോൾ, ബാഹ്യസമാശ്വാസങ്ങൾ കയ്യൊഴിയുമ്പോൾ, എങ്ങനെ എന്നോ, എവിടെനിന്നെന്നോ പറയാൻ വയ്യ, ഒരു സംരക്ഷണം വന്നുചേരുന്നതായി എനിയ്ക്കനുഭവപ്പെടുന്നു.”

# നാരായണീയം

എ. ആർ. മേനോൻ

## 80-ാം ദശകം

1 സത്രാജിതന്നു രവിനൽകിയ ദിവ്യരത്നം
യാചിച്ചുനീ പരധനാഗ്രഹിയെന്നപോലെ
തോന്നുന്നുമേ പലവിധത്തിലതിന്നു മൂലം
നിന്നിൽ പ്രസക്തസുതയെക്കളവായി വോഷ്പ്പാൻ

2 ഭവാനേകീടാത്തീമണിയെ സഹജൻ കെട്ടിമൃഗയാ-
വിനോദാർത്ഥം പോയീ മണിയൊളിയിൽ മാംസഭ്രമവശാൽ
കരുത്തൻ സിംഹം വന്നവനെ നിഹനിക്കെക്കപിവരൻ
ഹനിച്ചു സിംഹത്തെത്തനയനു കൊടുത്തൂമണിയെയും

---

എന്നാലും സാധാരണ ആളുകൾ ധരിച്ചുവരുന്ന മാതിരി വല്ലതും കാര്യസിദ്ധിയ്ക്കായി ജഗദീശ്വരനോടുള്ള ഒരു അപേക്ഷയോ യാചനയോ ആയിട്ടല്ല ഗാന്ധിജി പ്രാർത്ഥനയെ ഉദ്ദേശിച്ചതു്. ഏതദ്‌വിഷയകമായ ഗാന്ധിവചനങ്ങൾ സാവധാന പഠനാർഹങ്ങളാകുന്നു.

"മനുഷ്യൻ തന്റെ നിസ്സാരതയേയും ദൌർബ്ബല്യങ്ങളേയും ഏററു പറയലാണു് പ്രാർത്ഥന............"

പ്രാർത്ഥിയ്ക്കേണ്ട ആവശ്യമെന്തുണ്ടു്? ഈശ്വരൻ സർവ്വജ്ഞനല്ലേ? അദ്ദേഹത്തിന്റെ കർത്തവ്യത്തെ നാം പ്രാർത്ഥിച്ചോർമ്മപ്പെടുത്തേണ്ടതുണ്ടോ?—അങ്ങനെ ചിലർ ചോദിയ്ക്കുന്നു. ഇല്ല, ഈശ്വരനെ നാമങ്ങനെ ഓർമ്മപ്പെടുത്തേണ്ടതില്ല. ഈശ്വരാനുമതികൂടാതെ യാതൊന്നും സംഭവിക്കില്ല എന്നാൽ ഈശ്വരൻ നമ്മളിൽത്തന്നെയുണ്ടു്. നമ്മുടെ പ്രാർത്ഥന ഒരു ഹൃദയപരിശോധനയാണു്. നമ്മുടെ അന്തർദൈവമായ ഈശ്വരന്റെ ആശ്രയമില്ലാഞ്ഞാൽ നാം തീരെ നിസ്സഹായരാണെന്നു് നമ്മെത്തന്നെ ഓർമ്മിപ്പിയ്ക്കലാണു് പ്രാർത്ഥന. പ്രാർത്ഥനാപൂർവ്വകമല്ലാത്ത യത്നങ്ങളൊന്നും പൂർത്തിപ്പെടുകയില്ല. അതിനാൽ സ്വയം വിനീതനാകാനുള്ള ഒരു സ്വഗതം ആകുന്നു പ്രാർത്ഥന. ആത്മശുദ്ധീകരണത്തിന്നും ആത്മീയാന്വേഷണത്തിന്നും തന്നോടുതന്നെയുള്ള ഒരാഹ്വാനമാണു് പ്രാർത്ഥന.......... (തുടരും)

3 ജനം സത്രാജിത്തിൽ മൊഴിയനുസരിച്ചങ്ങു മണിയെ
കവൎന്നാനെന്നോതീ ഗുണികൾ ചെറുദോഷം ഖലസുധാ
തദാ സർവ്വജ്ഞൻ നീ സ്വജനമൊടു രത്നം തിരയുവാൻ
പുറപ്പെട്ടു കണ്ടു നരഹരികളെപ്പുക്ക ഗുഹയിൽ

4 ഭവാനെയറിയാതെയാക്കിഴവജാംബവാൻ ഭക്തിമാൻ
“രമാപതിയെയാശ്രയിച്ചിവനൊടേൽക്കുവാനാരുവാൻ
ഹരേ! രഘുപതേ! വിഭോ! ജയ ജയേ”തി മുഷ്ട്യാ ചിരം
ഭവാനു രണപൂജ ചെയ്തു മതിയാകുവോളം തദാ.

5 പിന്നീടറിഞ്ഞു കീശൻ
കൊടുത്ത മണീരമണികളെ നീ വാങ്ങി
അനുഗ്രഹിച്ചവനെ പുരം
പൂകീ സത്രാജിതനു മണി നൽകി

6 അവനഥ പരം ലജ്ജാവിഷ്ടൻ ശിരാ പരമത്തയായ്
തരളമിഴിയാം ഭാമാം നൽകീ മുദാ മണിയോടു തേ
ഗഹനഹൃദയൻ നീയും ലഭ്യത്തെ മാത്രമെടുത്തഹോ
ശ്വശുരനു തിരിച്ചേകീ രത്നത്തിനെ പ്രമുദാന്വിതൻ.

7 നാണിച്ച ഭാമയൊടു വാഴ്കയിലങ്ങൊരിക്കൽ
കൌന്തേയർ വെന്ത കഥ കേട്ടു ഗജാഹ്വയെ പോയ്
അക്രൂരനും സഖിയുമോതിയ നൃദചാപൻ
സത്രാജിതന്റെ തല കൊയ്തു ഹരിച്ചു രത്നം.

8 ദുഃഖിച്ചു പതി കുരുദേശമണഞ്ഞ നേരം
നീ കൊന്നു ഘാതകനെ ഭാൎയ്യയെ തൃപ്തയാക്കി
രത്നത്തിൽ ശങ്കയൊടു മൈഥിലരാജ്യമാൎന്നു
രാമൻ സുയോധനനു ചൊല്ലി ഗദാപ്രയോഗം.

9 സത്രാജിതൻ ഖലനവന്റെ വിനാശമിപ്പോൾ
അക്രൂരമൂലമുളവായതു നിന്റെ വാഞ്ഛ
ഐശ്വൎയ്യമായവനു കൂടുവതിന്നു രത്നം
വാങ്ങിച്ചതില്ല ഭഗവാനിതി ചൊൽവു ലോകം.

10 ഭക്ത്യഗ്ര്യനാണു സുഗുണാന്വിതഗാന്ദിനേയ-
നെന്നാലുമീ കുമതിയെങ്ങിനെ വന്നുചേൎന്നു
വിജ്ഞാനശാന്തികളടഞ്ഞവനെന്ന ഗർവം
പോക്കാൻ ഭവാൻ സ്വയമണച്ചൊരു വിദ്യതന്നെ.

11 അക്രൂരനോടി കൃതവർമ്മനുമായി ഭീത്യാ
പക്ഷേ ഭവാനവനെ നാട്ടിൽ വരുത്തി ശീഘ്രം
വെപ്പിച്ചു നൻമണിയെ പിന്നെയവനു തന്നെ
നൽകീവ്രതാഢ്യനു ഗദാൻ പരിപാഹി വിഷ്ണോ!

## 81-ാം ദശകം

1 നിത്യം ഭാമപ്രിയയെയനുരഞ്ജിച്ചു വാഴുന്ന കാലം
പോയല്ലോ നീയവളൊടുസമം ദ്രൗപദീ വേളി കാണ്മാൻ
പാർത്ഥസ്നേഹാൽ കരിനഗരിയിൽ സ്വല്പകാലം വസിക്കെ
ശക്രപ്രസ്ഥപ്പണിയതു കഴിപ്പിച്ചു മോദാൽ മടങ്ങീ

2 ഭദ്രാഖ്യാം നിൻഭഗിനിയെ കുരുശ്രേഷ്ഠനർത്ഥിച്ചിരിക്കെ-
ത്ത്വദാകൃത്താൽ കപടയതിയായ് ഫൽഗുനൻ കൊണ്ടുപോയീ
ജ്യേഷ്ഠൻ കോപിച്ചതിനൊരു സമാധാനമുണ്ടാക്കിയങ്ങു-
ന്നിന്ദ്രപ്രസ്ഥേ കതിപയദിനം പാർത്തു ഭാമാസഹായൻ

3 തോഷിപ്പിച്ചു ദഹനനെ തദാ ഖാണ്ഡവത്താൽ, സരിത്തിൽ
കണ്ടു കാളിന്ദിയെയവളുമായ് ദ്വാരകക്കെത്തിനിങ്ങൾ
ത്വയ്യാസക്താം സഹജചകിതാം മിത്രവിന്ദാഖ്യയേയും
ഭൂപാലാനാം സദസി ഹരണം ചെയ്തു നീ മാതുലേയൻ

4 സാകേതം പുക്കവിടെ വൃഷമേഴെണ്ണവും സപ്തമൂർത്ത്യാ
ശീഘ്രം ബന്ധിച്ചരചസുതയാം സത്യയെ സ്വീകരിച്ചു
അങ്ങെക്കച്ഛൻ ഭഗിനിസുതരായുള്ള സന്തർദ്ദനാദ്യർ
പ്രീത്യാ നൽകീ വരദ! ഭവതേ പെങ്ങളാം ഭദ്രയേയും

5 പാർത്ഥാസാദ്ധ്യം ശഫരകുറിയെത്തോയബിംബത്തിൽ നോക്കി-
ബ്ഭല്ലാൽ വീഴ്ത്തീ കരമതു ഭവാൻ ലക്ഷ്മണക്കാം കൊടുത്തു
അങ്ങേക്കേവം പ്രിയകളിരുനാലായിയക്കാലമിന്ദ്രൻ
വന്നിട്ടോതീ നരകതനുജൻ ചെയ്ത ദുഷ്കൃത്യമെല്ലാം

6 സ്മരിച്ചപ്പോളെത്തീ ഗരുഡനവനിൽ ഭാമയൊടൊന്നീ
കരേറിപ്പൂങ്കാവിൽ പടിയരിപുരത്തെത്തി വിഭയൻ
തകർന്നൂ ദുർഗ്ഗങ്ങൾ, രുധിരമൊഴുകീ ശാത്രവഗളാ-
ലഹോ മുന്നം പ്രാക്ജ്യോതിഷമിതധുനാ രക്തപുരമായ്

7 എതൃത്തു പഞ്ചാസ്യൻ മുരനുദധിമദ്ധ്യാൽ കയറിവ-
ന്നുടൻ നീ ചക്രത്താൽ തലകളെയരിഞ്ഞു മധുരിപോ!
തദാനാൽ കൊമ്പന്മാരൊടു നരകനും വന്നസമയം
ഹനിച്ചു ചക്രംകൊണ്ടവനു തരണം നൽകി നരകാൽ

8 ക്ഷിതിസ്തോത്രേ പ്രീത്യാ ഭഗദത്തന്നൊരുഗജം
കൊടുത്തു രാജ്യത്തോടഥ പുരുധനം കുംഭികളെയും
ദുരാത്മാ ബന്ധിച്ചിട്ടവിടെതടവിൽ പാർത്തുഹൃദയം
ഭവാനർപ്പിച്ചുസ്ത്രീ നിവഹവുമയച്ചു നിജപുരേ

9 ഭൂപുത്രാഹൃതകുണ്ഡലത്തെയദിതിക്കേകീടുവാനപ്സരോ-
വൃന്ദത്തെക്കുതിയിച്ചു ഭാമയൊടുനീ സ്വർഗ്ഗത്തിലെത്തിത്തദാ
ദേവാതിത്ഥ്യവുമേററു കല്പകമെടുത്തപ്പോൾ ക്രുധാവന്നൊരാ-
ശക്രൻതന്നെജയിച്ചുപോന്നിതിതുതാൻ ശ്രീദർപ്പമെന്നോതുവാൻ

10 നട്ടുകല്പത്തെ ഭാമാഗൃഹഭുവി, പതിനാറായിരം സ്ത്രീജനത്തിൻ-
കണ്ഠത്തിൽ പ്രത്യഗാരം ബഹുവടിവിലൊരേനേരമേ മാലചാർത്തി
ഗാർഹസ്ഥ്യം നാരദർഷി പ്രതിസദനമഹോ കണ്ടുതേ കൌതുകത്താ-
ലോരോപത്നിക്കുമുണ്ടായ് ദശദശസുതരും പാഹിമാം വാതനാഥ!

## 82-ാം ദശകം

1 പ്രദ്യുമ്നൻ മന്മഥാംശൻ തവതനയനഹോ ശംബരച്ചോരനെക്കൊ-
ന്നെത്തീ പ്രീത്യാ നഗര്യാം രതിയൊടഥ ഹരിച്ചീടിനാൻ മാതുലേയീം
തൽപുത്രൻ രുഗ്മിപുത്രാത്മജയെ പരിണയിച്ചപ്പോളുണ്ടത്ര നിങ്ങൾ,
ദ്യൂതേ വഞ്ചിച്ച മൂലം മുസലി കുപിതനായ് രുഗ്മിയേയും വധിച്ചു.

2 ബാണൻ മഹാബലിസുതന്നു ശിവപ്രസാദാൽ
ബാഹുക്കളായിരമവന്നുഷ പുത്രിയുണ്ടായ്
സ്വപ്നേ കദാചിദനിരുദ്ധനെ സംഗമിച്ചു
നേരം വെളുപ്പിൽ വിരഹാർത്തി കരഞ്ഞു കഷ്ടം

3 സാമർത്ഥ്യമുള്ള സഖി യോഗിനി ചിത്രലേഖാ
ചോദിച്ചറിഞ്ഞെഴുതി ചിത്രമശേഷപുംസാം
പ്രാദ്യുമ്നിയാണവിടെ വന്നവനെന്നറിഞ്ഞു
യോഗേന നിന്റെ സദനാൽ നിശി കൊണ്ടുവന്നു

4 അന്തഃപുരേ ദയിതയൊടു സുഖിച്ചു മേവും
നിൻ പൌത്രനെഗ്ഗിരിശബന്ധു പിടിച്ചുകെട്ടി
ശ്രീനാരദൻ വഴിയറിഞ്ഞു വളന്നു കോപാൽ
സൈന്യേന ശോണിതപുരത്തെ വളഞ്ഞു നിങ്ങൾ

5 പുരീപാലൻ ശർവ്വൻ പ്രമഥനിവഹത്തോടവിടെ വ-
ന്നെതൃത്തേറീടും നിൻ പൃതനയെ തടുത്തു വിജയനായ്
ബലിഷ്ഠൻ ബാണൻ സാത്യകിയൊടു, ഗുഹൻ നിൻ സുതനൊടും
ഘടിച്ചു സംഗ്രാമേ പശുപതി ഭവാനോടുമതുപോൽ.

# ഹൈന്ദവസംസ്കാരവും സാഹിത്യവും

— ആത്മാരാമൻ, കടമ്പനാൽ

സംസ്കാരവും സഭ്യതയുമാണു്, ഏതെങ്കിലും ഒരു ജാതിയുടെ അഥവാ സമുദായത്തിന്റെ മഹത്വത്തിന്റെ മാനദണ്ഡമെങ്കിൽ, തീർച്ചയായും ഹിന്ദുസമുദായം അതിൽ അതീവ അനുഗൃഹീതമാണു്. ഇന്നു പല ദേശക്കാരും പല സമുദായക്കാരും സഭ്യതയിൽ മുൻപന്തിയിൽ നില്ക്കുന്നതു് തങ്ങളാണെന്നു് സ്വയം അഭിമാനിക്കുന്നുണ്ടു്. അവർ സഭ്യരല്ലെന്നു് ഞാനും വാദിക്കുന്നില്ല. എന്നാൽ, സഭ്യതയുടേയും സംസ്കാരത്തിന്റേയും ചരിത്രം പരിശോധിക്കുന്നപക്ഷം ഇതിൽ ഹിന്ദുക്കളോടു കിടപിടിക്കത്തക്ക മററാരു സമുദാ

---

6 ശരം തീരെത്തീന് പ്പുരരിപു മയങ്ങീ തവ ശരാൽ
പറന്നൂ ഭൂതങ്ങൾ, ബഹുമഥിതരായീ പ്രമഥരും
തിരിഞ്ഞോടീ സ്കന്ദൻ കുസുമശരബാണാഭിഹതനാ-
യരഞ്ഞൂ കുംഭാണ്ഡൻ പുതിയൊരു കുടംപോൽ മുസലിയാൽ

7 വില്ലഞ്ഞൂറേന്തി ബാണൻ ഝടുതി വരികയായ് ചാപമെല്ലാം
മുറിഞ്ഞി-
ട്ടോടീ, തത്രാഗമിച്ചു ശിവപനിയതു നിൻ വൈഷ്ണവച്ചൂട്ടിലാറി
ജ്ഞാനം കൈവന്ന ശൈവം തവ ചരണജുഷാം വിജ്വരം നല്കി മാഞ്ഞു
രൗദ്രക്ളാംബോധമുണ്ടാകിലുമവർ തമസാ രൗദ്രചേഷ്ടാക്കൾതന്നെ.

8 നാനാശസ്ത്രോഗ്രബാണൻ സപദിയണയവേ ദർപ്പദോഷത്തിനാൽ ത-
ദ്ദോഷൗഘം നീ മുറിച്ചു മൂഢനുടനവിടെ ബോധമാർന്നെത്തി വാഴ്ത്തീ
ഭർഗ്ഗോക്ത്യാ നാലു കയ്യും വിഭയവുമസുരന്നേകി നീ വിട്ടയച്ചു
പിന്നീടുഷാനിരുദ്ധാദികളോടു ഭഗവൻ! ദ്വാരകയ്ക്കെത്തി നിങ്ങൾ.

9 ജയിച്ചു് ദേവേന്ദ്രം പല കുറി, ജലേശം പിതൃകൃതേ,
കൃശാനും പാനത്താൽ, യമനെ ഗുരുപുത്രാഹൃതിയിലും,
അജം വത്സസ്തേയത്തിലു,മിഹ ശിവം ബാണസമരേ,
വിഭോ! കൃഷ്ണാഖ്യം നിന്നവതരണമേ വിശ്വവിജയി

10 ദ്വിജരുഷാകൃകലാസശരീരനാം
നൃഗനെ ദേവപുരിക്കു കയററി നീ
അതിവിശിഷ്ട മഹീസുരഭക്തിയെ
സ്വജനപാളിയൊടോതി ഹരേ! നമഃ

യം ഇതഃപര്യന്തം ഉണ്ടായിട്ടില്ലെന്നു് ഏതൊരു നിഷ്പക്ഷ നിരൂപകനും ബോ
ദ്ധ്യമാകുന്നതാണു്. ലോകത്തിൽ ആദ്യമായി സഭ്യതയുടെ പ്രകാശം പര
ത്തിയതു് പ്രാചീന ഭാരതീയാചാര്യന്മാരാണെന്നു് പാശ്ചാത്യപണ്ഡിതന്മാർ
പോലും തലകുലുക്കി സമ്മതിക്കുന്ന ഒരു പരമാർത്ഥമാണു്. മററുള്ളവർ സഭ്യ
തയുടെ ശരിയായ പ്രകാശം കാണാതെ, മൂടൽമഞ്ഞിൽപ്പെട്ടു് തപ്പിത്തട
ഞ്ഞു് നടന്നിരുന്നപ്പോഴും, ഭാരതം സഭ്യതാസൂര്യന്റെ പ്രകാശകിരണങ്ങളാൽ
പ്രകാശമാനമായിരുന്നു.

സംസ്കാരമാകുന്ന സ്വർണ്ണത്തിന്റെ മാററു നോക്കാനുള്ള ഉരകല്ലാണു്
സാഹിത്യം. സാഹിത്യമാണു് സംസ്കാരത്തിന്റെ ഭണ്ഡാഗാരംതന്നെ ഭാര
തീയ സാഹിത്യത്തെ, ആര്യന്മാരുടെ സാഹിത്യകൃതികളെ, നിഷ്പക്ഷദൃഷ്ട്യാ
നോക്കുന്നതായാൽ, ഹിന്ദുക്കളുടെ സംസ്കാരം, അതിന്റെ സഭ്യത, എത്രമാ
ത്രം പഴക്കമുള്ള ഒന്നാണെന്നു് നമുക്കു് നിഷ്പ്രയാസം മനസ്സിലാകും. പക്ഷെ,
നമ്മുടെ പ്രാചീനസാഹിത്യം നോക്കി ഈവക സംഗതികൾ മനസ്സിലാക്കുന്ന
തിന്നു് ഇന്നൊരു വലിയ വിഷമം നേരിട്ടുണ്ടു്. അതു് നമ്മുടെ സ്വന്തം സം
സ്കാരത്തോടുള്ള അവജ്ഞയും, സംസ്കാരഭാഷയായ സംസ്കൃതത്തിലുള്ള നമ്മു
ടെ അജ്ഞതയുമാണു്. ആകർഷണീയമായ പാശ്ചാത്യസഭ്യതയുടെ ലഹരി
യാൽ മതിമറന്ന നാം സ്വന്തം സംസ്കാരത്തേയും നമ്മുടെ മാതൃഭാഷയായ
സംസ്കൃതത്തേയും തിരസ്കരിച്ചുകളഞ്ഞു; ഇന്നും തിരസ്കരിച്ചുകൊണ്ടുമിരിക്കു
ന്നു. അങ്ങിനെ സ്വന്തം മാതാവിനെ ഉപേക്ഷിച്ചു് മദാമ്മയെ സ്വീകരിച്ചി
രിക്കുകയാണു് നാമിന്നു്. ശ്രീ ശങ്കരൻ, ശ്രീരാമകൃഷ്ണപരമഹംസൻ, ശ്രീ
വിവേകാനന്ദൻ, മഹാത്മാ ഗാന്ധി മുതലായ എത്രയോ മഹാത്മാക്കൾ, ലോ
കത്തിന്നു മുഴുവൻ വെളിച്ചം വീശിയ ഭാരതീയാചാര്യന്മാരുണ്ടു്? നമ്മുടെ
പൂർവ്വീകന്മാരായ ആ ആചാര്യന്മാരെയൊന്നും അനുകരിക്കയോ ആദരിക്കയോ
ചെയ്യാതെ, ഇന്നു നാം അനുകരിക്കയും ആദരിക്കയും ചെയ്യുന്നതു പാശ്ചാ
ത്യരെയല്ലേ? ലെനിനേയും, മാർക്സിനേയുമല്ലേ? ഭാരതീയരായ നമുക്കു ഇതില
ധികം സാംസ്കാരികമായ ഒരധഃപതനം വേറെയെന്തുണ്ടു്? നമ്മുടെ സംസ്കാ
രത്തിന്റെയും, സഭ്യതയുടേയും ജനയിത്രിയാണു് സംസ്കൃതം. ലോകത്തി
ൽ ഇതഃപര്യന്തമുണ്ടായിട്ടുള്ള സാഹിത്യഗ്രന്ഥങ്ങളിൽവെച്ചു് ഏററവും പഴ
ക്കമുള്ളതു് ഋഗ്വേദസംഹിതയാണെന്നു്, പാശ്ചാത്യചരിത്രപണ്ഡിതന്മാർ
കൂടി അഭിപ്രായപ്പെടുന്നുണ്ടു്. ഋഗ്വേദത്തിന്നു മുമ്പു് രചിക്കപ്പെട്ടിട്ടുള്ളതാ
യി മറെറാരു ഗ്രന്ഥം ലോകത്തിൽ ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. വിശ്വ
സാഹിത്യത്തിൽ സർവ്വപ്രഥമവും സർവ്വശ്രേഷ്ഠവുമായ പ്രസ്തുത വേദം മനുഷ്യനു
സാംസ്കാരികവും സദാചാരപരവുമായ ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണു്
കൊടുക്കുന്നതു്. സ്വാർത്ഥംകൊണ്ടു് നിസ്സാരകാര്യങ്ങൾക്കുവേണ്ടി സ്വന്തം
സഹോദരനെപ്പോലും ഹിംസിക്കുവാനൊരുങ്ങുന്ന അവിവേകിയായ മനുഷ്യ
നോടു് വേദം പറയുന്നതു്—"മാ ഹിംസ്യാൽ സർവ്വാ ഭൂതാനി"—യാതൊ
രു ജീവിയേയും ഹിംസിക്കരുതു് എന്നാണു്. അവിടന്നാണു് അഹിംസയുടെ
പ്രഥമപാഠം മനുഷ്യൻ മനസ്സിലാക്കുന്നതു്. അതുപോലെത്തന്നെ "നാനൃതം

ബ്രൂയാൽ”—അസത്യം പറയരുത്, എന്നീ മഹത്തായ ഉപദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് വേദം.

വേദത്തിനു ശേഷമാണ്, ഉപനിഷത്തി—വേദാന്തത്തി—ന്റെ ആവിർഭാവം. ഉപനിഷത്ത് ഭാരതീയസംസ്കാരത്തിന്റെ കലവറയാണ്; ജ്ഞാനത്തിന്റെ പരമകാഷ്ഠയാണ്; ഹിന്ദുക്കളുടെ സർവ്വസ്വമാണ്. മനുഷ്യന്റെ സാംസ്കാരികവശങ്ങളെ സംബന്ധിച്ചുള്ള വിശദവിവരണങ്ങളാണ് ഉപനിഷത്തിലെ പ്രതിപാദ്യവിഷയം.

മനുഷ്യൻ എങ്ങിനെ ജീവിക്കണം, അവന്റെ ആചാരവിചാരങ്ങളെല്ലാം ഏതു രീതിയിലുള്ളവയായിരിക്കണം, അവന്റെ കർത്തവ്യമെന്ത്, ധർമ്മമെന്ത്—ഈവക വിഷയങ്ങളെ സവിസ്തരം ഉപദേശിക്കയാണ്, ഉപനിഷത്തിന്റെ ഉദ്ദേശ്യം. ആചാര്യൻ തന്റെ ശിഷ്യനെ വേദാഭ്യാസമെല്ലാം വിധിപൂർവ്വകം ചെയ്യിപ്പിച്ചതിനുശേഷം, തൈത്തരിയോപനിഷത്തിൽ അയാൾക്ക് ഗൃഹസ്ഥാശ്രമധർമ്മത്തെ പാലിക്കുന്നതിനുള്ള ശിക്ഷണം കൊടുക്കുന്നു:—“മകനേ! നീ സദാസ്സോഴും സത്യമേ പറയാവൂ; ആപൽഘട്ടങ്ങളിൽ പോലും അസത്യത്തെ ആശ്രയിക്കരുത്. ധർമ്മത്തിൽനിന്ന് ഒരിക്കലും വ്യതിചലിക്കരുത് സ്വന്തം വർണ്ണാശ്രമ വ്യവസ്ഥയനുസരിച്ചുള്ള നിന്റെ കർത്തവ്യത്തിൽ അശേഷം അശ്രദ്ധ കാണിക്കരുത്. ഗുരുക്കന്മാരെ സന്തോഷിപ്പിച്ചുകൊണ്ട്, അവരുടെ ആജ്ഞാനുസരണം ഗൃഹസ്ഥാശ്രമം സ്വീകരിച്ച് വംശപരമ്പരയെ സുരക്ഷിതമായി നിലനിർത്തുക. വിധിപ്രകാരം വിവാഹംചെയ്ത ധർമ്മപത്നിയിൽ നിയമാനുസൃതം വംശത്തിന്റെ നിലനില്പിന്നുവേണ്ടി അനാസക്തനായി സന്താനത്തെ ഉല്പാദിപ്പിക്കുകയെന്ന് താല്പര്യം. ലൌകികവും പാരലൌകികവുമായി ഏതെല്ലാം ശാസ്ത്രവിഹിതങ്ങളായ കർമ്മങ്ങളുണ്ടോ, അവയെല്ലാം ആസക്തികൂടാതെ അനുഷ്ഠിക്കുന്നതിൽ ബദ്ധശ്രദ്ധനായിരിക്കണം. ആവക കാര്യങ്ങൾ ചെയ്യുന്നതോടുകൂടി തന്നെ ന്യായമായ മാർഗ്ഗത്തിൽകൂടി സാമ്പത്തികോന്നമനത്തിനുവേണ്ടിയും പരിശ്രമിക്കേണ്ടതാണ്. യജ്ഞാദികളായ ദൈവീക കാര്യങ്ങളിലും ശ്രാദ്ധം തർപ്പണം മുതലായ പിതൃകാര്യങ്ങളിലും അശേഷംപോലും അലസതയോ അശ്രദ്ധയോ കാണിക്കാതിരിക്കുകയും വേണം. ഗൃഹസ്ഥധർമ്മങ്ങളെ പററി പറയുന്നതു നോക്കുക.

“മാതൃദേവോ ഭവ. പിതൃദേവോ ഭവ.
ആചാര്യദേവോ ഭവ അതിഥിദേവോ ഭവ
യാന്യനവദ്യാനി കർമ്മാണി; താനിസേവിതവ്യാനി
നോ ഇതമാണി യാന്യസ്മാകം സുചരിതാനി;
താനി ത്വയോപാസ്യാനി നോ ഇതരാണി.”

നിങ്ങൾക്ക് മാതാവിൽ ദേവബുദ്ധി തോന്നട്ടെ; പിതായിൽ ദേവബുദ്ധിയുണ്ടാകട്ടെ; ആചാര്യനിലും അതിഥിയിലും ദേവബുദ്ധി വരട്ടെ. ലോ

കത്തിൽ നിർദ്ദോഷങ്ങളായി എന്തെല്ലാം കർമ്മങ്ങളുണ്ടോ അവയെല്ലാം നിങ്ങളനുഷ്ഠിക്കുക. നിഷിദ്ധങ്ങളായ കർമ്മങ്ങളൊന്നുംതന്നെ അനുഷ്ഠിക്കയുമരുത്. നമ്മുടെ പൂർവ്വികന്മാരായ ഗുരുജനങ്ങളും, അഭിവന്ദ്യന്മാരായ ആചാര്യന്മാരും ആചരിച്ചിരുന്ന നല്ലനല്ല ആചാരാനുഷ്ഠാനങ്ങളെയാണ്, നാം അനുവർത്തിക്കേണ്ടതു്, അനുസരിക്കേണ്ടതു്. അല്ലാതെ, മററുള്ളവർ കാണിക്കുന്നതിനെയല്ല.

ഏതൊരു സമുദായത്തിൽപ്പെട്ടവനായാലും, ഏതൊരു ജാതിയിൽപ്പെട്ടവനായാലും ശരി, അവൻെറ കുടുംബത്തിൽ അവൻെറ പൂർവ്വികന്മാരാൽ നല്ലതെന്നു് വിചാരിച്ചു് നടപ്പാക്കപ്പെട്ടിട്ടുള്ള, ഇന്നും നടപ്പിലുള്ള പരമ്പരാഗതമായ ആ ആചാരാനുഷ്ഠാനങ്ങളെതന്നെയാണ് അവൻ അനുവർത്തിക്കേണ്ടതു്. അവയെ അവഹേളിക്കാതെ, അതിൻെറ മര്യാദയെ അതിലംഘിക്കാതെ, എല്ലാ ജാതിക്കാരും ഏററെക്കുറെ ഇന്നുവരെ അനുസരിച്ചിരുന്നതും അങ്ങിനെതന്നെയാണ്. പരമ്പരാഗതമായ ആവക ആചാരവിചാരങ്ങളിൽ നിന്നും മായാത്ത ഒരു സംസ്കാരം അവക്കു് സിദ്ധിച്ചിട്ടുണ്ടു്. അതുതന്നെയാണ് അവരുടെ മാതൃസംസ്കാരവും, മാതൃകാസംസ്കാരവും. അങ്ങിനെയുണ്ടായിട്ടുള്ള സംസ്കാരങ്ങളിൽ വച്ചു് ഏററവും ശ്രേഷ്ഠമായി വിചാരിക്കപ്പെടുന്നതു് ആര്യസംസ്കാരമാണ്. അതുകൊണ്ടാണ്, ലോകത്തിലുള്ള എല്ലാ മനുഷ്യരും അവരവരുടെ ആചാരസമ്പ്രദായങ്ങൾ പഠിക്കുന്നതു്, ഭാരതീയരായ ആര്യന്മാരിൽ നിന്നുവേണമെന്നു്, മതം നിർദ്ദേശിച്ചിരിക്കുന്നതു്:—

ഏതദ്ദേശ പ്രസൂതസ്യ
സകാശാദഗ്രജന്മനഃ
സ്വം സ്വം ചരിത്രം ശിക്ഷേരൻ
പ്രഥിവ്യാം സർവ്വമാനവാഃ

ധർമ്മശാസ്ത്രപ്രണേതാവായ യാജ്ഞവൽക്യമഹർഷി ആര്യസമുദായത്തെ ഉദ്ദേശിച്ചുമാത്രമല്ല; മാനവസമുദായത്തെ മുഴുവൻ പ്രതിനിധീകരിച്ചുകൊണ്ടാണ്, മനുഷ്യൻെറ കർത്തവ്യത്തെപററി ഓർമ്മപ്പെടുത്തുന്നതു്:—

അഹിംസാസത്യമസ്തേയം
ശൌചമിന്ദ്രിയ നിഗ്രഹഃ
ദാനം ദയാ ദമഃ ക്ഷാന്തിഃ
സർവ്വേഷാം ധർമ്മസാധനം.

യാതൊരു ജീവിയേയും ഉപദ്രവിക്കരുതു്, സത്യം പറയണം, വഞ്ചനയും മോഷണവും ചെയ്യരുതു്, ശരീരവും മനസ്സും ശുദ്ധമായിരിക്കണം, ഇന്ദ്രിയങ്ങളെ പാട്ടിൽ നിർത്തണം, യഥാശക്തി ദാനംചെയ്യണം, ആപത്തിലകപ്പെട്ടു് അവശതയനുഭവിക്കുന്നവരെ രക്ഷിക്കണം മനസ്സിനെ നിയന്ത്രിക്കണം

തനിക്ക് ഉപദ്രവമുണ്ടാകുമ്പോഴും ക്രോധമുണ്ടാകരുത്—ഇവയെല്ലാം മനുഷ്യമാത്രയെ സംബന്ധിച്ചിടത്തോളം സമാനധർമ്മങ്ങളായ ധർമ്മസാധനകളത്രെ. ഈവക ധർമ്മാചരണങ്ങളെ മനുഷ്യൻെറ സാമൂഹ്യജീവിതത്തിൽ എത്രമാത്രം പ്രായോഗികമാക്കാൻ സാധിക്കുന്നുവോ, അത്രയും അവൻെറ ജീവിതം ശ്രേയസ്കരമായിരിക്കുമെന്ന് സകല ആചാര്യന്മാരും സമ്മതിക്കുന്നുണ്ട്.

വൈദികസാഹിത്യങ്ങളിലും, ധാർമ്മികശാസ്ത്രങ്ങളിലും പ്രതിപാദിച്ചിട്ടുള്ള ഇതേ തത്വംതന്നെയാണ് പുരാണങ്ങളിലേക്ക് കടന്നാലും നമുക്ക് കാണാൻ കഴിയുന്നത്. പുരാണങ്ങൾ പ്രസ്തുത വിഷയങ്ങളുടെ പ്രായോഗിക വശങ്ങളിലേക്ക് കൂടുതൽ വെളിച്ചം വീശുന്നുണ്ടെന്നുമാത്രം. മററുള്ളവക്ക് വെറുപ്പോ വിദ്വേഷമോ തോന്നത്തക്ക യാതൊരു പ്രവൃത്തിയും ചെയ്യരുതെന്ന് പുരാണങ്ങളിൽ ആവത്തിച്ചാവത്തിച്ച് പറയുന്നുണ്ട്. അങ്ങിനെ അന്യക്ക് യാതൊരുവിധത്തിലും ഉപദ്രവം വരാതെ, കഴിയുന്നതും അവക്കുപകാരങ്ങൾ ചെയ്തുകൊണ്ട് നിസ്വാത്ഥമായി ജീവിതം നയിക്കണമെന്നാണ്, പുരാണങ്ങളിലെ ഉപദേശങ്ങളുടെ രത്നച്ചുരുക്കം തന്നെ.

അഷ്ടാദശപുരാണത്താൽ
വ്യാസൻ ചൊന്നതു രണ്ടുതാൻ
പരോപകാരമേ പുണ്യം
പാപമേ പരപീഡനം

വേദവ്യാസൻ വേദങ്ങളുടെ വിസ്തൃത വ്യാഖ്യാനങ്ങളായി 18 മഹാപുരാണങ്ങളും 18 ഉപപുരാണങ്ങളും രചിച്ചിട്ടുണ്ട്. അവയിലെല്ലാംകൂടി പ്രതിപാദിച്ചിട്ടുള്ള ധർമ്മങ്ങളുടെ സാരസർവ്വസ്വമാണ്, മുകളിൽ ഉദ്ധരിച്ച പദ്യം. അതുപോലെ ധർമ്മത്തിൻെറ സാരാംശത്തെ സംബന്ധിച്ചും പറയുന്നതു നോക്കുക:—

ശ്രൂയതാം ധർമ്മസർവ്വസ്വം
ശ്രുത്വാ ചാപ്യവധാര്യതാം
ആത്മനഃ പ്രതികൂലാനി
പരേഷാം ന സമാചരേത്.

തനിക്കു് ഹിതമായിത്തോന്നുന്നതു് മററുള്ളവരോടും പ്രവത്തിക്കണമെന്ന് സാരം.

അതെല്ലാം ആദ്ധ്യാത്മികങ്ങളും പൌരാണികങ്ങളുമായ സാഹിത്യങ്ങളാണ്; ഭൌതികജീവിതത്തിന്ന് അതൊന്നും അത്ര പററിയതല്ല; എന്നാണെങ്കിൽ, വരണം, നമുക്ക് യഥാത്ഥമായ സാഹിത്യശാസ്ത്രത്തിലേക്ക് പ്രവേശിച്ചുനോക്കാം:—

അപാരേ കാവ്യ സംസാരേ
കവിരേവ പ്രജാപതിഃ

യഥാസ്മൈ രോചതേ വിശ്വം
തഥൈവ പരിവർത്തതേ.

അപാരമായ ഈ സംസാരത്തിലെ (ലോകത്തിലെ) ബ്രഹ്മാവ് കവിയാണ്. കവി എങ്ങിനെ ആഗ്രഹിക്കുന്നുവോ, അങ്ങിനെതന്നെ ഈ ലോകം പരിവർത്തനപ്പെടുന്നതാണ്. ലോകത്തെ ഇഷ്ടംപോലെ മാററിത്തീർക്കാനുള്ള കഴിവ് കവിക്കുണ്ട്. ഇതിൽ നിന്നും ബ്രഹ്മാവിനേക്കാൾ ഒരു പടി കൂടി ഉയർന്നനിലയിലാണ്, കവി നിലകൊള്ളുന്നതെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. സൃഷ്ടികർത്താവായ ബ്രഹ്മാവ് സൃഷ്ടിച്ചിരിക്കുന്ന ഈ പ്രപഞ്ചത്തെ, കവിക്ക് വേണമെങ്കിൽ അവൻെറ രുചിഭേദമനുസരിച്ച് പരിവർത്തനം ചെയ്യാൻ സാധിക്കും; എന്നു പറയുമ്പോൾ കവിക്ക് എത്രമാത്രം സ്വാതന്ത്ര്യമുണ്ടെന്ന് ഒന്നു ചിന്തിച്ചുനോക്കുക.

മുകളിൽ ഉദ്ധരിച്ച പദ്യത്തിൻെറ അർത്ഥവ്യാപ്തിയിലേക്ക് കടന്നാൽ, ഈ ലോകത്തെ നന്നാക്കുന്നതും നശിപ്പിക്കുന്നതും, അഭിവൃദ്ധിപ്പെടുത്തുന്നതും അധഃപതിപ്പിക്കുന്നതും കവികളാണ് അഥവാ സാഹിത്യകാരന്മാരാണെന്ന് കാണാം. ലോകം എപ്പോഴെങ്കിലും നന്നായിട്ടുണ്ടെങ്കിൽ, അത് കവികളിൽക്കൂടിയും, സാഹിത്യകാരന്മാരിൽക്കൂടിയുമാണ്, നശിച്ചിട്ടുണ്ടെങ്കിൽ അതും അവരിൽക്കൂടിതന്നെ. അവർക്ക് ലോകക്ഷേമത്തെ സംബന്ധിച്ച് അത്രക്കുമാത്രം ഉത്തരവാദിത്വമുണ്ട്. ഈ വസ്തുത ഇന്നത്തെ കവികളും സാഹിത്യകാരന്മാരും അല്പമെങ്കിലും അറിഞ്ഞിരുന്നെങ്കിൽ, മനുഷ്യൻെറ വികാരങ്ങളെ ഇക്കിളിയിട്ട് ഇളക്കിവിടുന്ന അശ്ലീലസാഹിത്യങ്ങളും കവിതകളും ഇത്രമാത്രം പ്രചരിക്കുമായിരുന്നോ, എന്ന് സംശയമാണ്.

സദാചാരത്തിൻെറ കാവൽ ഭടന്മാരെന്നാണ്, സാഹിത്യകാരന്മാരെ വിശേഷിപ്പിച്ചിരിക്കുന്നത്. സംസ്കാരത്തിൻെറ സമുദ്ധരണത്തിനുവേണ്ടി, സദാചാരപരങ്ങളായ ഗുണപാഠങ്ങളെ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുകയെന്നതാണ് അവരുടെ കടമ. ആ നിലയിൽ നോക്കിയാൽ ഇന്നത്തെ സാഹിത്യകാരന്മാരെല്ലാം അവരുടെ കടമ ശരിയായി നിർവ്വഹിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സദാചാര പ്രചരണത്തിന്ന് പകരം ദുരാചാര പ്രവണതയാണ്, ഇന്നത്തെ സാഹിത്യകൃതികൾ ലോകത്തിന്ന് സംഭാവന ചെയ്തിരിക്കുന്നത്. അങ്ങിനെ സദാചാരത്തിൻെറ കാവൽഭടന്മാരായ അഥവാ ആയിരിക്കേണ്ട സാഹിത്യകാരന്മാർ ഇന്ന് ദുരാചാരത്തിൻെറ കവാടോൽഘാടകന്മാരായിത്തീർന്നിരിക്കയല്ലേ? പിന്നെയെങ്ങിനെയാണ്, ലോകം സന്മാർഗ്ഗത്തിൽനിന്നും വ്യതിചലിക്കാതിരിക്കുന്നത്? കേവലം വികാരാത്മകങ്ങളായ കാവ്യങ്ങൾ മനുഷ്യനെ വഴിതെററിക്കുന്നവയത്രെ. വിചാരാത്മകങ്ങളായ കൃതികൾക്കേ മനുഷ്യൻെറ ബുദ്ധിയെ വികസിപ്പിക്കാൻ കഴിയൂ.

കാവ്യത്തിൻെറ, സാഹിത്യത്തിൻെറ, പ്രധാന ലക്ഷ്യം ചാരിത്രശിക്ഷണം അഥവാ സ്വഭാവസംസ്കരണമായിരിക്കണം.

# ഗുരുദേവൻ

—നെല്ലുവായ് കെ. എൻ. നമ്പീശൻ

നേരിൽ വെളിച്ചമൊഴുക്കാൻ—തീരെ,
കൂരിരുൾച്ചാർത്തിനെ നീക്കാൻ
കേരളക്ഷേത്രത്തിൽ മിന്നീ—രണ്ടു
കെടറ്റ ദീപങ്ങൾ മുന്നം
ആചാര്യ ശങ്കരനേകൻ—പിന്നെ
നാരായണഗുരുദേവൻ.

ജാതിവൈവിധ്യമയിത്തം—തൊട്ടു
നീചദുരാചാരക്കൂട്ടം
വിട്ടു വിഷപ്പുകയേറ്റു—മോഹം
തട്ടിമയങ്ങിയ നേരം.
വാരൊളിപ്പോൽക്കരം നീട്ടി—യെങ്ങും
കേരളനാട്ടിനെത്തൊട്ടു.

---

"രാമാദി വദ്വർത്തിതവ്യം, നരാവണാദിവൽ"

ഇതാണ് കാവ്യത്തിന്റെയുദ്ദേശം. അനുവാചകന്മാരെ സന്മാർഗ്ഗത്തിൽക്കൂടി നയിക്കുകയെന്നതാണ്, ഓരോ സാഹിത്യകൃതിയുടേയും ലക്ഷ്യം. അങ്ങിനെ സദാചാരപരമായ ജീവിതത്തിൽ മനുഷ്യനെ അവന്റെ ആദർശത്തിലേക്ക് ഉയർത്തുകയെന്നതാണ് ഏതൊരു സാഹിത്യകാരന്മാരുടേയും പരമപ്രധാനമായ കടമ. ശ്രീരാമന്റെ സൽസ്വഭാവംമൂലം അദ്ദേഹം എല്ലാവർക്കും പ്രിയങ്കരനായി. രാവണന്റെ ദുഃസ്വഭാവവും ദുഷ്പ്രവൃത്തിയും കാരണം എല്ലാവർക്കും വെറുപ്പും തോന്നി. അതുകൊണ്ട് രാമന്റെ ആദർശത്തെയാണ്, നാം അനുകരിക്കേണ്ടത്, രാവണന്റേതല്ല. ഇങ്ങിനെ നന്മതിന്മകളെ ജനങ്ങൾക്ക് വേർതിരിച്ച് കാട്ടിക്കൊടുത്തു തിന്മയിൽ അവജ്ഞയും, നന്മയിൽ ആഗ്രഹവും അവരിൽ ജനിപ്പിച്ച് അവരെ സദാചാര നിരതന്മാരാക്കിത്തീർക്കുകയെന്നതാണ്, കവികളുടേയും, സാഹിത്യകാരന്മാരുടേയും മൌലികമായ ധർമ്മം; അതിനുപയുക്തങ്ങളായ സാഹിത്യകൃതികൾ മാത്രമേ; പദ്യമായാലും ശരി, ഗദ്യമായാലും ശരി, യഥാർത്ഥത്തിൽ സാഹിത്യസംജ്ഞക്ക് അർഹമാകുന്നുള്ളു. മററുള്ളവയെല്ലാം മനുഷ്യനെ വഴിപിഴപ്പിക്കുന്ന വൈകാരികകൃതികളാണ്. അവ സംസ്കാരത്തെ ഹനിക്കുന്നവയുമത്രെ.

(കല്യാൺ വായിച്ചിട്ട്)

മെല്ലെയുണർത്താനുദിച്ചു—വെള്ളി
നക്ഷത്രം കാന്തി വർഷിച്ചു.
നാരായണനാമരുണൻ—തവ
സ്ഫാരപ്രകാശം പൊഴിക്കെ
ആശയഗംഭീരനാശാൻ—തന്റെ
പേശലകാവ്യസുമങ്ങൾ
വാരുററോരാത്മീയ തത്വ—ചിന്താ
സൌരഭം വീശി വിരിഞ്ഞു.

എൻ ജാതിയെൻ മതമെന്നും—മർത്ത്യ
രെൻ ദൈവമെന്നും പറഞ്ഞു.
നേരായ മാർഗ്ഗം വെടിഞ്ഞു—ഹാ ഹന്ത!
ക്രൂരിരുൾചാർത്തിലലഞ്ഞു.
സ്പർദ്ധതൻ വിത്തുകൾ പാകി—ചുററും
മുററിയ ധർമ്മത്തിൻ വൃക്ഷം
സ്ഫീതദുരന്തഫലങ്ങൾ—തിന്നു
നീളവേ മർത്ത്യമൃഗങ്ങൾ
ഭ്രാന്താലയമായി മാറീ—മുററു
മെന്തിനോ നമ്മുടെ രാജ്യം.

ഒന്നു താൻ മർത്ത്യന്നു ദൈവം—നിത്യ
മൊന്നുതാൻ മർത്ത്യന്നു ജാതി.
ഒന്നുതാനത്രേ മതവു—മെന്നു
ചൊന്നിതു ശ്രീ ഗുരുദേവൻ
രാജ്യങ്ങളീയുപദേശ—മെന്നു
പ്രാജ്യസന്തോഷം ശ്രവിച്ചു
ജീവിതത്തിങ്കൽ പകർത്തു—മന്നു
താവിത്തുളമ്പിടും ശാന്തി
പാരിൽ സമാധാനത്തിന്റെ—കൊച്ചു
പാരാവാരങ്ങൾ കളിക്കും.



## കടം കഥകൾ

1. കയറുംകൊണ്ടുചെന്നപ്പോൾ കഴുത്തില്ല കെട്ടാൻ.
2. അച്ഛൻ പരപര, അമ്മ മിനുമിനു, മകൾ മണിമണി.
3. വാലുകൊണ്ടു കുട പിടിച്ചു.
4. തൊപ്പിയിട്ടു തൂങ്ങുന്നാൾ തല കലുക്കി നിരങ്ങുമ്പോൾ ധാരമുറിയാതെ കണ്ണീരൊഴുക്കും.
5. ആട്ടി ആട്ടി അഴകനെ പെററു, അഴകനതാ അണിയറ പൂക്കു, ഞാനിതാ വെയിലും മഴയും കൊള്ളുന്നു.
6. ഇട്ടുമൂടാൻ തുണിയുണ്ടു; കാൽവട്ടം കെട്ടാൻ തുണിയില്ല.

*കഴിഞ്ഞ ലക്കം ഉത്തരം:—* 1) കോഴിമുട്ട. 2) ആലിപ്പഴം. 3) അടക്ക കത്തി. 4) തേൻകൂട്. 5) ഒപ്പുകടലാസ്സ് 6) തുണി.

## മഹദ്വാക്യങ്ങൾ

1. അന്യന്റെ തെററു ഉററുനോക്കിക്കൊണ്ടിരിക്കുന്നവനു് സ്വന്തം തെററു കാണുവാൻ കഴിയുകയില്ല. (സെയിൻറ ഇഗ്നീഷ്യസ്സ്)
2. അനീതി പ്രവർത്തിക്കുന്നതു് അനീതി അനുഭവിക്കുന്നതിനേക്കാൾ അപമാനകരമാണു്. (പ്ലേറേറാ)
3. ദൈവത്തിങ്കലേക്കല്ലാത്ത വളർച്ച നാശത്തിലേക്കാകുന്നു. (മാക്ഡൊണാൾഡ്)
4. നിർഭാഗ്യങ്ങൾ എന്തും സഹിക്കാം; സഹതാപത്തിന്റെ പേരിൽ സുഹൃത്തുക്കൾ നടത്തുന്ന പരാമർശങ്ങളാണു് ദുസ്സഹം. (കോൾട്ടൺ)
5. ക്ലേശങ്ങളും പരീക്ഷകളും ജീവിതത്തിന്റെ ഉപ്പാണു്. അതില്ലാത്ത ജീവിതം ഒരു ജീവിതമല്ല. (ഗാന്ധിജി)
6. ഓരോരുത്തരും അവരവരെത്തന്നെ നന്നാക്കുവാൻ ശ്രമിക്കുക; അപ്പോൾ ലോകംമുഴുവൻ നന്നായിക്കൊള്ളും. (വിവേകാനന്ദൻ)

## പഴഞ്ചൊല്ലുകൾ

1. അഴകുള്ള ചക്കയിൽ ചുളയില്ല.
2. അധികമായാലമൃതും വിഷം.
3. അകത്തേക്കു വെള്ളവും പുറത്തേക്കു വാക്കും അധികം നന്നല്ല.
4. അധികമടുപ്പം ആരോടുമരുതു്.
5. അങ്ങാടിയിൽ തോററാൽ അമ്മയോടു്.
6. അക്കരെ നില്ക്കുമ്പോളിക്കരെപച്ച, ഇക്കരെ നില്ക്കുമ്പോളക്കരെപച്ച.

# സാഹിതീവിനോദം

**കഴിഞ്ഞ ലക്കത്തിൽ കൊടുത്ത മൂലശ്ലോകവും അതിന്നു കിട്ടിയ തർജ്ജമയും**

മൂലശ്ലോകം:— "രാധാ പുനാതു ജഗദച്യുത ദത്തചിത്താ-
മന്ഥാനമാകലയതീ ദധിരിക്തപാത്രേ
തസ്യാഃസ്തനസ്തബകചഞ്ചലലോലദൃഷ്ടിർ-
ദ്ദേവോപി ദോഹനധിയാ വൃഷഭം നിരുന്ധൻ"

തർജ്ജമ:— അക്കണ്ണനിൽക്കരളടക്കി വെറും കലത്തിൽ
മത്തിട്ട രാധ ഭുവനത്തിൽ വളർക്ക് പുണ്യം
കണ്ണക്കൃശാംഗിയുടെ കൊങ്കകളിൽ കളിച്ചു
കാളക്കറയ്ക്കു മുതിരുന്നൊരു കണ്ണനും താൻ.

—കെ. രാഘവൻ തിരുമുല്പാട്, ചാലക്കുടി.

2. ശൂന്യം കലം: തയിർ കലക്കുകയാണതിൽ ശ്രീ-
കൃഷ്ണപ്രലീനമതി രാധ, ജഗൽപവിത്ര.
തൽച്ചഞ്ചലസ്തനഭരാർപ്പിതദൃഷ്ടിയാമ-
ദ്ദേവൻ തളപ്പിതൊരു കാളയെ പാൽ കറപ്പാൻ!

—കു. ജ. ത.

## പൂരണത്തിന്നു് സമസ്യാ

"നാടകം നാടകം താൻ"

## തർജ്ജമയ്ക്കു്

"അഗ്രേ പശ്യാമി തേജോ നിബിഡതര......" എന്ന നാരായണീയത്തിലെ സുപ്രസിദ്ധ ശ്ലോകം.

പ്രശ്നകർത്താവിന്റെ തർജ്ജമ:—

"മുന്നിൽക്കാണുന്നിതാ ഞാൻ, ഘനപടലകളാ-
യാഭമാം കോമളശ്രീ;
തന്നിൽത്താൻ ദിവ്യബാലാകൃതി, യമൃതിലഹം
ഹന്ത! നീന്തിത്തുടിച്ചേൻ
കുന്നിക്കും യൌവനശ്രീ, പരമസുഖരസം
പൂണ്ടുകണ്ടാംകുളിർപ്പാൽ
നന്ദിക്കും നാരദാദി പ്രമുഖരുപനിഷൽ-
ദ്ദേവിമാരാൽ ചുഴന്നും."

—ആത്മാരാമൻ.

# തുഞ്ചത്താചാര്യസ്തുതി

## പഞ്ചകം

—കെ. ജനാർദ്ദനൻ തമ്പാൻ

1 എൻതായ്മൊഴിക്കാദിയിലാരിൽനിന്നു
കൈവന്നു സംസ്കാരസുബോധനങ്ങൾ,
തുഞ്ചത്തു രാമാനുജനെന്ന തീർത്ഥ-
പാദങ്ങളാം സൽഗുരു വാഴ്ക ! വാഴ്ക !

2 ആരാദികാവ്യത്തെയു,മാർഷധർമ്മ-
സാരസ്വതത്തെയു,മനന്യസാധ്യം
തന്നാക്കിളിപ്പാട്ടുകളായ് പഠിപ്പി-
ച്ചെൻ തായ്മൊഴിക്കേകി നിജാത്മസത്വം;

3 കൂർ ചൊല്ലി വൈരത്തൊടു മത്സരിപ്പോർ,
പോർചെയ്തനൈക്യത്തിൽ വശംകെടുന്നോർ,
ഈ ഭാഗ്യവക്ഷേത്രജ,രാർ നിമിത്തം
സൗഭ്രാത്രബോധത്തൊടുണർന്നിതാദ്യം;

4 സദാത്മവിദ്യാദ്യുതി, ഈശഭക്തി-
പ്രപുഷ്ടധീ, ശാന്തിദയാപയോധി,
ആചാര്യനാം സൽപുരുഷൻ : മറക്കാ-
ല്ലൊരിക്കലും നാം വരമിഗ്ഗുരുത്വം.

5 രാമാനുജശ്രീ ശുകവാണി വാഴും
പൂങ്കാവനം കേരള പുണ്യധാമം
ക്ഷേമപ്രദം തൽ ഭജനം ; നിരന്ത-
നിഃശ്രേയസം തന്നെയതിൻ വിപാകം.

# വനമഹോത്സവം

## (പ്രകടപ്രസംഗം)

—സി. പി. കേശവൻകുട്ടി

ഇന്ത്യാസാമ്രാജ്യമാകുന്ന വലിയ കുടുംബത്തിലെ തലയെടുപ്പും കരുത്തും അടിയുറപ്പും ഉള്ള അംഗങ്ങളാണു് മരങ്ങൾ. ശീതോഷ്ണസ്ഥിതി ക്രമപ്പെടുത്തുന്നതിലും, മണ്ണൊലിപ്പു തടയുന്നതിലും, ഈർപ്പം നിലനിറുത്തുന്നതിലും സ്വാദേറിയ പഴങ്ങൾ തരുന്നതിലും, തണൽ തരുന്നതിലും ആജീവനാന്തം പ്രതിഫലേച്ഛ കൂടാതെ പ്രവത്തിക്കുന്ന വൃക്ഷങ്ങൾക്കു് നമ്മോടുള്ള ബന്ധം കുറച്ചൊന്നുമല്ല. ആ നല്ല പൌരന്മാർ നിശ്ശബ്ദസേവകന്മാരാണു്. സ്ഥിരപ്രകൃതികളാണു്. അങ്ങോട്ടാക്രമിച്ചാലും ഇങ്ങോട്ടാക്രമിക്കാത്തവരാണു്. അത്തരക്കാരെയാണു് മനുഷ്യൻ അവൻ കണ്ടുപിടിച്ച നിശിതായുധവുമായി സമീപിച്ചു് അരിഞ്ഞരിഞ്ഞു് വീഴ്ത്തുന്നതു്. ഇങ്ങനെ ചെയ്യാൻ അവനധികാരമെന്തുണ്ടു്? ആരോ വളത്തി ശുശ്രൂഷിച്ചവരെ നിർദ്ദയം സംഹരിക്കുവാൻ ഇവരെ അനുവദിക്കുന്നതു നീതിയല്ല.

മനുഷ്യനു് വിറകു് വേണം, കെട്ടിടങ്ങൾ പണിയാൻ തടി വേണം. അതിന്നാണു് അവൻ വൃക്ഷസംഹാരത്തിന്നു് പരശുവുമായി കുതിച്ചുപായുന്നതു്. നാട്ടിലുള്ള മരങ്ങളെല്ലാമൊക്കെ നശിപ്പിച്ചിട്ടും അവനു് തൃപ്തി വന്നില്ല. കാട്ടിലേക്കും കേറി അവൻ. വനസംഹാരദക്ഷനെന്ന പേരും സമ്പാദിച്ചു.

ഇതിന്റെയെല്ലാം ദോഷം അവനു് അന്നു് മനസ്സിലായില്ല നാട്ടിൽ മഴ കുറഞ്ഞു. ചൂടധികമായി, മണ്ണൊലിച്ചൊലിച്ചുപോകാൻ തുടങ്ങി, വിളവുകൾ കുറഞ്ഞു ചക്കപ്പഴവും മാമ്പഴവും കണികാണാൻകൂടി കിട്ടാതായി. കാലാവസ്ഥക്കു വലിയ മാററം സംഭവിച്ചു

ഈ ദുരിതങ്ങൾക്കൊരു പരിഹാരമുണ്ടാക്കാനാണു് 1950ൽ അന്നു് ഇന്ത്യാ ഗവമ്മേണ്ടിന്റെ ഭക്ഷ്യമന്ത്രിയായ ശ്രീ കെ. എം. മുൻഷി വനമഹോത്സവമെന്ന ഒരു പ്രസ്ഥാനവുമായി പ്രത്യക്ഷപ്പെട്ടതു്. വനമഹോത്സവപ്രസ്ഥാനത്തിന്റെ ഉദ്ദേശം മരങ്ങളും ചെടികളും വെച്ചുപിടിപ്പിച്ചു് ശുശ്രൂഷിച്ചു് വളത്തുക എന്നതാണു്. അക്കൊല്ലത്തിൽ ഇന്ത്യയിലൊട്ടാകെ രണ്ടു കോടി മരങ്ങളാണു് നട്ടതു്. ഇന്നു് അതിൽ എത്ര എണ്ണം പിഴച്ചുപോന്നിട്ടുണ്ടു്; എത്ര എണ്ണം തൊലഞ്ഞുപോയിട്ടുണ്ടു്. അതാക്കും പറയാൻ സാദ്ധ്യമല്ല. പ്രകൃതിയുടെ സന്മനസ്സുകൊണ്ടെങ്കിലും കുറെയൊക്കെ രക്ഷപ്രാപിച്ചിരിക്കണം.

കെ. എം. മുൻഷിയുടെ പുതിയൊരു കണ്ടുപിടിത്തമൊന്നുമല്ല മരം വെച്ചുപിടിപ്പിക്കൽ. സർവ്വസംഗപരിത്യാഗികളായ മഹർഷിമാർകൂടി മരങ്ങൾ നട്ടുപിടിപ്പിച്ചുനോക്കി വളർത്തുന്നതിൽ ജാഗരൂകന്മാരായിരുന്നു. ആശ്രമവൃക്ഷങ്ങൾ എന്ന പേരിൽ അവ അവേദനാംജ്ഞങ്ങളായി നൂററാണ്ടുകൾ ജീവിക്കുകയും ചെയ്തു

ചില ഭക്തന്മാർ ആൽ പ്രദക്ഷിണം ചെയ്യുന്നതും ആൽവൃക്ഷങ്ങൾ നനക്കുന്നതും നിങ്ങൾ കണ്ടിട്ടുണ്ടാകും. അവരങ്ങനെ ചെയ്യുന്നതു് അന്ധവിശ്വാസമായി നിങ്ങൾ കരുതുകയും ചെയ്തിരിക്കും. ആലിന്റെ തടി പുരപണിയ്ക്കെടുക്കില്ല. വിറകിനും അതുപയോഗിച്ചിരുന്നില്ല. അതിൽനിന്നു് പഴങ്ങളും കിട്ടുന്നില്ല. അങ്ങനെ ഒരു പ്രയോജനവുമില്ലാത്ത ആൽമരത്തെ പരിചരിക്കുന്ന മനുഷ്യരെ കാണുമ്പോൾ മററുള്ളവർ പരിഹസിക്കുന്നതിൽ എന്തുണ്ടു് തെററു്. എന്നാൽ ഈ പരിഹസിക്കുന്നവർക്കു് ഒരു പിശകുപററിയിട്ടുണ്ടു്. കാരണം ആൽപോലുള്ള മരങ്ങൾ പൊതുജനാരോഗ്യത്തിൽ വഹിക്കുന്ന പങ്കു് എത്രത്തോളമെന്നറിയാത്തതു്. കാർബൺ ഡയോക്സൈഡിൽ നിന്നു് ഓക്സിജനേയും കാർബണേയും വേർതിരിച്ചു് തരുവാൻ ഇത്തരം മരങ്ങൾക്കുള്ള കഴിവു് ഇവരല്ലെങ്കിലും അറിഞ്ഞിരുന്നെങ്കിൽ ആൽഭക്തന്മാരുടെ നേരെ നെററിചുളിച്ചു് നോക്കുകയില്ലായിരുന്നു.

മനുഷ്യർക്കു് പക്ഷികൾ വേണം, മൃഗങ്ങൾ വേണം, കൃഷിവേണം. ചില പക്ഷികൾ കതിർകുല കൊത്തി നശിപ്പിക്കുന്നുണ്ടെങ്കിൽ അവതന്നെ കൃഷി ഒട്ടാകെ നശിപ്പിക്കുന്ന അനേകം കീടങ്ങളേയും നശിപ്പിക്കുന്നുണ്ടു്. അങ്ങനെ അല്പം ദ്രോഹവും കൂടുതൽ സഹായവും ചെയ്യുന്ന പക്ഷികൾക്കു് രാത്രി കഴിച്ചുകൂട്ടാൻ ആൽമരങ്ങൾ കൂടാതെ കഴികയില്ല. ആലിന്റെ ബഹുമുഖങ്ങളായ വേരുകൾ മണ്ണൊലിച്ചുപോകാതെ നോക്കുന്നുണ്ടു്. ചൂടേററുഴലുന്നവർക്കു് തണലും തണുപ്പും നൽകുന്നുണ്ടു്. പച്ചിലവളത്തിനും ചില മൃഗങ്ങൾക്കു് തിന്നുന്നതിന്നും ആലിലകൾ ഉതകുന്നുണ്ടു്. അലഞ്ഞുനടക്കുന്ന ഉഗ്രസർപ്പങ്ങളെ തെണ്ടാൻവിട്ടു് ജനങ്ങൾക്കുപദ്രവമുണ്ടാക്കാതെ അടങ്ങിയൊതുങ്ങിയിരിക്കാൻ വസതികൾ നൽകുന്നുണ്ടു് ആൽമരങ്ങൾ. അങ്ങനെ പലതരത്തിലും ഉപകാരമുള്ള ആൽമരത്തെ ഒന്നു കൈകൂപ്പിപ്പോയാൽ അതൊരന്ധവിശ്വാസമാകുന്നതെങ്ങനെയാണാവോ.

നമ്മുടെ ശാസ്ത്രങ്ങളിൽ ചിലതിൽ ഇന്നയിന്ന നക്ഷത്രങ്ങളിൽ പിറന്നവർ ഇന്നയിന്ന മരങ്ങൾ വെച്ചു് വളർത്തി സംരക്ഷിക്കുന്നതു്- ദീർഘായുസ്സിനു കാരണമായി പറഞ്ഞിട്ടുണ്ടു്. നക്ഷത്രങ്ങളുടെ ദേവത, ഗണം, മൃഗം, പക്ഷി വൃക്ഷം എന്നിവ പട്ടികയായി കൊടുത്തിട്ടുള്ള പഞ്ചാംഗങ്ങൾ നോക്കിയാൽ ഏതു് നക്ഷത്രത്തിൽ ജനിച്ചവൻ ഏതു് മരം വെച്ചുപിടിപ്പിച്ചു രക്ഷിക്കണമെന്നു് മനസ്സിലാകും. ഇതൊക്കെ എന്തിനുവേണ്ടി. നാടിന്റെ സമ്പത്തു് നിലനിർത്തുന്നതിന്നു്.

വിദ്യാർത്ഥിപംക്തി

# കുതിരയുടെ സേവ

സി. പി. ഹരിദാസ് 8-ാം തരം

ഒരു സിംഹം സുന്ദരവനത്തിൽ താമസിച്ചിരുന്നു. ആ കാട്ടിലുള്ള സകല ജീവികളുടേയും രാജാവായിരുന്നു ആ സിംഹം. മൃഗരാജാവ് അത്യന്തം ബുദ്ധിമാനും ഭയങ്കരനും ശക്തനുമായിരുന്നതുകൊണ്ട് സകല ജീവികളും അദ്ദേഹത്തെ ഭയപ്പെട്ട് വിറച്ചു. ഒരു ദിവസം സകല ജീവികളും തന്റെ ഗുഹയിൽ എത്തേണ്ടതാണെന്ന് ആ സിംഹം കല്പിച്ചു. രാജാവിന്റെ കല്പന അനുസരിക്കാഞ്ഞാൽ ആ നിമിഷം മരണമാണ് ഫലം എന്ന് എല്ലാ ജന്തുക്കൾക്കും അറിവുള്ളതുകൊണ്ട് അവരെല്ലാം സിംഹത്തിന്റെ ഗുഹയിൽ ഹാജർകൊടുത്തു എന്നാൽ ആ ഗുഹയിൽ ചീഞ്ഞളിഞ്ഞ ഒരു നാററം എല്ലാവർക്കും അനുഭവപ്പെട്ടു. കായ്കനികൾ ഭക്ഷിച്ചുമാത്രം ജീവിക്കുന്ന മാൻ മുതലായ മൃഗങ്ങൾക്ക് ആ ദുർഗ്ഗന്ധം അസഹ്യമായിരുന്നു. ഒരു മാൻ പറഞ്ഞു. "അയ്യോ! ഇവിടെ വലിയ ദുർഗ്ഗന്ധം! എന്റെ മൂക്കുപൊളിഞ്ഞു." തൽക്ഷണം സിംഹം കോപിച്ച് ആ മാനിനെ ഒരടിക്ക് കൊന്നു. അതുകണ്ട് സകല മൃഗങ്ങളും ഭയവിഹലരായി ആരും ഒന്നും സംസാരിച്ചില്ല. എല്ലാവരും ആ ദുർഗ്ഗന്ധവുമേററ് അടങ്ങിയിരുന്നതേയുള്ളു. ഒടുവിൽ

---

നിമിഷക്കണക്കിൽ വൃക്ഷസംഹാരം നടത്തുന്നവർ കൊല്ലക്കണക്കിനൊരു വൃക്ഷമെങ്കിലും നട്ടുണ്ടാക്കുന്നില്ലല്ലോ. അവരുടെ പൂർവ്വികന്മാർ കഷ്ടപ്പെട്ട് വെച്ചുവളത്തിയ മരം പണത്തിനുവേണ്ടി അരിഞ്ഞൊടുക്കുന്ന അവർക്ക് അവരുടെ പിൻഗാമികളോടൊരു കടപ്പാടുമില്ലേ. സംഹരിക്കുന്നതിലല്ലാതെ സൃഷ്ടിയിൽ അവരുടെ മനസ്സു ചെല്ലുകയില്ലേ?

ഇന്ന് മരമുണ്ട് മുറിച്ച് വിറകാക്കാനും ഈർന്ന് ഉരുപ്പടിയാക്കി കെട്ടിടം പണിയാനും. നാളയോ? അതിനെന്താണവൻ കണ്ടിരിക്കുന്നതു്. കൊല്ലംതോറും ജനസംഖ്യ ഭയങ്കരമാംവണ്ണം വദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യയിൽ വൃക്ഷങ്ങൾ വർദ്ധിക്കയല്ല ലക്ഷക്കണക്കിൽ വെട്ടി നശിപ്പിക്കുകയാണ് ചെയ്യുന്നതു്. ഈ അനീതി പരിഹരിക്കപ്പെടണം. നമ്മുടെ നാട്ടിൽ ധാരാളം വൃക്ഷങ്ങൾ ഉണ്ടാകണം. സ്വാദുഫലങ്ങളായ വൃക്ഷങ്ങളും പ്രിയദർശക പുഷ്പങ്ങൾ നിറഞ്ഞ വൃക്ഷങ്ങളും നമുക്ക് വേണം. സ്ഥലഭംഗിയുണ്ടാക്കുന്ന മരങ്ങളും ആവശ്യമാണ്. വനമഹോത്സവത്തിന്റെ ലക്ഷ്യം വൃക്ഷസമൃദ്ധിയാണ്.

ഇന്ത്യയിൽ 40 കോടി ജനങ്ങളുണ്ട്. ഓരോരുത്തരും ഒരു കൊല്ലത്തിൽ ഒരു മരംവീതമെന്നകണക്കിൽ 60 വയസ്സുവരെ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാൻ പ്രതിജ്ഞചെയ്യുന്നപക്ഷം ഇന്ത്യയുടെ വൃക്ഷസമ്പത്തിന്റെ നില എന്താകുമെന്ന് ഒന്ന് ചിന്തിച്ചുനോക്കുക. ഒരു കൊല്ലത്തിൽ ഒരൊററ മരംവീതമെന്ന പ്രതിജ്ഞയെടുക്കുക. എന്നാൽ നാം വനമഹോത്സവം അർത്ഥവത്താക്കി. ഇതിന്ന് നമ്മൾ തയ്യാറുണ്ടോ?

ഒരു കുരങ്ങു് "ഹാ! എന്തൊരു സുഗന്ധം ഇതിനകത്തു്! പനിനീർപൂവിന്റെ മണത്തേക്കാൾ സുഖമായ വാസന! കുരങ്ങുപറഞ്ഞതും സിംഹത്തിന്നു് പിടിച്ചില്ല. ആ കുരങ്ങിനെയും സിംഹം കൊന്നു. പിന്നീടു് ആരും ഒന്നും സംസാരിച്ചില്ല. ഒടുവിൽ സിംഹം കുതിരയെ വിളിച്ചു ചോദിച്ചു. "ഈ ഗുഹക്കകത്തു് ദുർഗ്ഗന്ധമോ സുഗന്ധമോ?" എന്നു്.

കുതിര മറുപടിപറയുവാൻ വളരെ ഭയപ്പെട്ടു. മറുപടിപറഞ്ഞാലും പറഞ്ഞില്ലെങ്കിലും തനിക്കും മാനിന്റെയും കുരങ്ങിന്റെയും ഗതിതന്നെ വരും. ഒടുവിൽ കുതിര ആലോചിച്ചു്, മൃഗരാജാവിനെ തൊഴുതു്, "സ്വാമി അടിയനു് ജലദോഷമായതുകൊണ്ടു് ഒരു വാസനയും അറിയുന്നില്ല." എന്നു് പറഞ്ഞു. കുതിരയുടെ സേവപറയൽകേട്ടു് മററുമൃഗങ്ങളെല്ലാം പൊട്ടിച്ചിരിച്ചു. സിംഹത്തിന്നു് വളരെ സന്തോഷമായി. സിംഹം കുതിരയെ തന്റെ മന്ത്രിയാക്കിവെച്ചു. സേവ വേണമെങ്കിൽ നുണപറയുകതന്നെ വേണം. എത്രയെത്ര ആളുകൾ ഈ തരത്തിൽ നുണയന്മാരായി വലിയവരുടെ സേവക്കുകൂടി ജീവിക്കുന്നുണ്ടു്! (പ്രോത്സാഹനാർത്ഥം)

— * —

# പുസ്തകാഭിപ്രായം

*ലീലാകല്പദ്രുമം* ഗ്രന്ഥകർത്താവു്: ശ്രീ വൈശ്രവണത്തു രാമൻനമ്പൂതിരി

*പ്രസാധകൻ*: ചെങ്ങല്ലൂർ പരമേശ്വരൻ നമ്പൂതിരി, അന്തിക്കാടു് വില 5 ഉറുപ്പിക.

നാലുവർഷം ഗ്രന്ഥങ്ങളാൽ വിസ്തരിക്കപ്പെട്ട ശ്രീമഹാഭാഗവതാദ്ധ്യായങ്ങളുടെ ഗദ്യത്തിലുള്ള ഒരു ലഘുവിവർത്തനമാണു് ഈ ഗ്രന്ഥം. പണ്ഡിതാഗ്രേസരനും പരമഭാഗവതനുമായ വിവർത്തകൻ തന്റെ ഭാരം ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ടു്. സാധാരണക്കാർക്കെല്ലാം—കേവലം ബാലികാബാലകന്മാർക്കുപോലും എളുപ്പത്തിൽ വായിച്ചാസ്വദിക്കുവാൻ പററിയതരത്തിലുള്ള കൌതുകമേറിയ വാചകങ്ങൾ! ലളിതമായ ഭാഷ!!

ഭക്തോത്തമനായ പ്രസാധകൻ പണത്തിൽ ലവലേശം കാംക്ഷിക്കാതെ കയ്യാൽ നഷ്ടപ്പെട്ടും ലോകോപകാരാർത്ഥം നടത്തുന്ന ഇത്തരം സദ്വ്യവസായത്തെ ലോകർ മുക്തകണ്ഠം പ്രശംസിക്കാതിരിക്കയില്ല. നല്ല വെളുത്ത മിനുസക്കടലാസിൽ വൃത്തിയായച്ചടിച്ചിട്ടുള്ള 424 പേജുള്ള ഈ മഹാഗ്രന്ഥത്തിന്നു് നിശ്ചയിച്ചിട്ടുള്ള വില എത്രയോ തുച്ഛമാണു്. കഴിവുള്ളവർ നിശ്ചയമായും ഈ പുണ്യഗ്രന്ഥം വാങ്ങി വായിക്കേണ്ടതാണെന്നു് ഞങ്ങൾ ബലമായി പറയുന്നു. പ്രസാധകനോടോ, ശ്രീ പൊന്നാടുക്കത്തു് ശങ്കരൻനമ്പൂതിരി, മുന്നുലത്തു മഠം, ഗുരുവായൂർ, എന്ന മേൽവിലാസത്തിലോ ആവശ്യപ്പെട്ടാൽ പുസ്തകം കിട്ടുന്നതാണു്.

— 0 —